SUNDAY 29.10.2023 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-29/10/202

1. രാജ്യത്തെ ചെറുകിട നാമ മാത്ര കർഷകരുടെ ഉന്നമനത്തിനായി കേന്ദ്രസർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയായ പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധിയുടെ ആനുകൂല്യം മുടങ്ങാതെ ലഭിക്കുന്നതിനായി പി എം കിസാൻ പദ്ധതി അംഗങ്ങളായ എല്ലാ കർഷകരും ഇനി പറയുന്ന കാര്യങ്ങൾ ഒക്ടോബർ 31നകം അടിയന്തരമായി പൂർത്തിയാക്കണമെന്ന് സ്റ്റേറ്റ് നോഡൽ ഓഫീസർ അറിയിച്ചു. ഭൂമി സംബന്ധമായ രേഖകൾ കൃഷിവകുപ്പിന്റെ എയിംസ് പോർട്ടലിലൂടെ രേഖപ്പെടുത്തണം. ബാങ്ക് അക്കൗണ്ട് ആധാറുമായി ബന്ധിപ്പിക്കേണ്ടതും ഇ- കെ വൈ സി പൂർത്തീകരിക്കുകയും ചെയ്യണം. ഇ- കെ വൈ സി ചെയ്യുന്നതിനായി PMKISAN GoI എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്താം. പോസ്റ്റ് ഓഫീസ്, അക്ഷയ, സി എസ് സി, ജനസേവന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കുള്ള സൗകര്യം ലഭ്യമാണ്.

2. മണ്ണുത്തി സ്റ്റേറ്റ് സീഡ് ഫാമിൽ കാബേജ്, കോളിഫ്ളവർ, ക്യാരറ്റ്, ബീറ്റ് റൂട്ട്, ബ്രോക്കോളി തുടങ്ങിയ ശീതകാല പച്ചക്കറി തൈകളും മുള്ളങ്കി, പാലക്ക് തുടങ്ങിയവയുടെ തൈകളും വില്പനയ്ക്കായി തയ്യാറായിട്ടുണ്ട്. തൈ ഒന്നിന് മൂന്നു രൂപയാണ് വില. ആവശ്യമുള്ളവർ ഫാം ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0487 2371678, 9383471430.

3. വെള്ളനാട് ഐ സി എ ആർ മിത്രനികേതൻ കൃഷി വിജ്ഞാൻ കേന്ദ്രത്തിൽ **മഴമറ എന്ന വിഷയത്തിൽ** നവംബർ 4ന് പരിശീലനം സംഘടിപ്പിക്കുന്നു. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കുമായി 9400288040 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന കാർഷിക കോളേജിലെ നാനോ സയൻസ് ആൻഡ് ടെക്നോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറിന്റെ (കരാർ നിയമനം) താൽക്കാലിക ഒഴിവുണ്ട്. യോഗ്യതകൾ സംബന്ധിച്ചു വിവരം വെബ്സൈറ്റിൽ ലഭ്യമാണ് നിർദിഷ്ട യോഗ്യത ഉള്ളവർക്ക് 06.11.2023 രാവിലെ 10 മണിക്ക് കോളേജിൽ നടക്കുന്ന വാക്ക് ഇൻ ഇൻറർവ്യൂവിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് www.kau.in,

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

www.cohvka.kau.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുകയോ 0487-2438302 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

5. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലിവളർത്തൽ കേന്ദ്രത്തിലെ ഫലവൃക്ഷങ്ങളായ തെങ്ങ്, മാവ്, പ്ലാവ്, കശുമാവ്, പുളി എന്നിവയിൽ നിന്നും 01.11.2023 മുതൽ 31.10.2024 വരെയുള്ള ഒരു വർഷക്കാലയളവിൽ ആദായം എടുക്കുവാനുള്ള അവകാശം 02.11.2023ന് പകൽ 12 മണിക്ക് ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നു. ആയിരം രൂപ നിരതദ്രവ്യമടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി നേരിട്ടോ, 0471 2732962 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

6. തൃശൂർ കൃഷിവിജ്ഞാനകേന്ദ്രത്തിൽ മൂന്ന് ആഴ്ച പ്രായമുള്ള കാടകോഴി കുഞ്ഞുങ്ങൾ ഈ മാസം 30 മുതൽ വിൽപനക്ക് തയ്യാറാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9400483754.

പരിശീലന പരിപാടി

7. ക്ഷീര വികസന വകുപ്പിന്റെ ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2023 ഒക്ടോബർ 30 മുതൽ 31 വരെയുള്ള 2 ദിവസങ്ങളിലായി ക്ഷീര കർഷകർക്കായി "തീറ്റപ്പുൽ കൃഷി പരിശീലനം എന്ന വിഷയത്തിൽ ക്ലാസ്സ് റൂം പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. താത്പര്യമുള്ള കർഷകർക്ക് ഓച്ചിറ പരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ,കൊല്ലം ജില്ലാ ഡപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ അതാത് ബ്ളോക്ക് ക്ഷീര വികസന ആഫീസർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. താത്പര്യമുള്ള ക്ഷീര കർഷകർ 2023 ഒക്ടോബർ 28 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി 8089391209, 04762698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് അർഹമായ ടി എ യും ഡി എ യും ഉണ്ടായിരിക്കുന്നതാണ്. ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്

8. റബ്ബറിനങ്ങൾ, നടീൽവസ്തുക്കളുടെ ഉത്പാദനം എന്നിവയിൽ റബ്ബർബോർഡ് ഓൺലൈൻ പരിശീലനം നടത്തുന്നു. ഈ മാസം 31 ന് (ഒക്ടോബർ 31) രാവിലെ 10.30 മണി മുതൽ 12.30 മണി വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പറിലും 04812351313 എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന ഈ-മെയിലിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം